## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3946** 19.03.2018-ലെ മറുപടിക്ക്

**'വർക്കല - നാവായിക്കുളം നൈനാംകോണം കോളനിയിലെ പട്ടയ പ്രശ്നം'**

**ചോദ്യം**
**ശ്രീ.വി.ജോയി**

**മറുപടി**
**ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വർക്കല മണ്ഡലത്തിലെ നാവായിക്കുളം പഞ്ചായത്തിലെ നൈനാംകോണം കോളനിയിലെ പട്ടയ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) യും (ബി) യും | വർക്കല താലൂക്കിലെ നാവായിക്കുളം വില്ലേജിൽപ്പെട്ട നൈനാംകോണം കോളനിയിൽ മിച്ചഭൂമിയിൽ ഉൾപ്പെടാത്തതും യഥാർത്ഥ രേഖകൾ പ്രകാരം അവകാശം സിദ്ധിച്ചതുമായ വസ്തുക്കൾക്ക് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉടമസ്ഥാവകാശം ഉറപ്പാക്കി കരം സ്വീകരിക്കാൻ വർക്കല തഹസിൽദാർ (ഭൂരേഖ)ക്ക് ജില്ലാകലക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി പ്രദേശത്ത് നികുതി അടയ്ക്കാൻ കഴിയാതിരുന്ന 22 ഭൂവുടമകളിൽ നിന്നും കരം സ്വീകരിച്ച് നികുതി രസീത് നൽകിയിട്ടുണ്ടെന്നും ഇത്തരത്തിലുള്ള മറ്റ് കക്ഷികൾ നികുതി അടയ്ക്കുന്നതിനായി സമീപിക്കുന്ന മുറയ്ക്ക് ആയതിന്മേലുള്ള നടപടി വില്ലേജ് തലത്തിൽ സ്വീകരിക്കുന്നതാണെന്നും ജില്ലാകലക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ബഹു. റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09/10/2016 ന് കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്ത് സർവ്വെ നടത്തി നിലവിലുള്ള കൈവശക്കാരെ തിട്ടപ്പെടുത്തിയിട്ടുണ്ടെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ടി കോളനിയിലെ പട്ടയ പ്രശ്നവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയുടെ 07/10/2016 ലെ WP(C) 7364/11 നമ്പർ വിധിന്യായ പ്രകാരം കേരള ഭൂപരിഷ്കരണ ഭേദഗതി നിയമം 7 E പ്രകാരമുള്ള അപേക്ഷയിന്മേൽ വിചാരണ നടത്തി ബന്ധപ്പെട്ട 14 കേസുകളും തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന് |
| (ബി) | നൈനാംകോണം കോളനിയിലെ പട്ടയ പ്രശ്നം തീർപ്പാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ലാൻഡ് ബോർഡ് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നൈനാംകോണം കോളനിയിലെ അന്യകൈവശത്തോടുകൂടി ഏറ്റെടുത്ത മിച്ചഭൂമി, നിലവിലെ കൈവശക്കാർക്ക് പതിച്ച് നൽകുന്നതിന് 1970-ലെ കേരള ഭൂപരിഷ്കരണ പരിധി ചട്ടങ്ങളിലെ 27-ാം ചട്ടപ്രകാരം ഫോറം 16 ലുള്ള പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി ജില്ലാകലക്ടർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ